

# എന്റെ ഫ്രാൻസീസ് അസീസ്സി ഡൺസ്റ്റനച്ചൻ... ഒരു ഓർമ്മക്കുറിപ്പ്

ക്ലാസ്സ് കഴിഞ്ഞ് വന്നതേയുള്ളൂ ഞാൻ. ചായ കുടിച്ച് മുറ്റത്തേക്കിറങ്ങി. തോട്ടത്തിൽ വിടർന്ന് നിൽക്കുന്ന ഡാലിയാ പൂക്കളുടെ നിറങ്ങളിൽ കണ്ണുടക്കി നിൽക്കുമ്പോഴാണ് 'മോനെ, ഫിലിപ്പേ, എന്ന വിളി ഞാൻ കേട്ടത്. ദൈവവിളിയുള്ള കുട്ടികളെത്തേടി, അവരുടെ വീട്ടിലേക്ക് ഡൺസ്റ്റനച്ചൻ വരാറുണ്ട്. കുട്ടികളുടെ വീടുകളിലേക്ക് പോകുമ്പോൾ എന്നെയും ചിലപ്പോഴൊക്കെ അച്ചൻ വിളിക്കാറുമുണ്ട്. 'ഇന്ന് രണ്ടു കുട്ടികളുടെ വീട്ടിലേക്ക് പോകണം. മോനെന്റെ കൂടെ വരണം". അച്ചന്റെ സ്നേഹത്തോടെയുള്ള വിളി കേട്ടപ്പോൾ കൂടെ വരാമെന്ന് ഞാൻ പറഞ്ഞു. അച്ചനേറെ നേരം എന്റെ അമ്മയോടും അനുജനോടും ദൈവീക കാര്യങ്ങൾ സംസാരിച്ചിരുന്നതിനാൽ അന്തിമയങ്ങാൻ തുടങ്ങിയതറിഞ്ഞില്ല. 'സാരല്ല്യ കുട്ടീ. നീ അച്ചന് വഴികാണിച്ചിട്ട് പെട്ടെന്ന് വാ" അമ്മ പറഞ്ഞു. നേരം ആറു മണി കഴിഞ്ഞു. ടാറിടാനെന്നോണം അങ്ങിങ്ങായി, മെറ്റലുകൾ കൂന കൂട്ടിയിട്ടിരിക്കുന്ന ഒരു ചെമ്മൺ പാതയിലൂടെ അച്ചനും ഈ കൊച്ചനും നടന്നു. ആദ്യമായിട്ടാണ് ഞാനും ആ ഇടവഴിയിലൂടെ പോകുന്നത്. അര മണിക്കൂർ ഉൾവഴികളിലൂടെയുള്ള യാത്ര. കുഞ്ഞിന് തീറ്റ കൊടുക്കുന്ന അമ്മക്കിളിയുടെ ചിറകടി മരചില്ലകൾക്കിടയിൽ നിന്നും കേൾക്കാം. തെരുവു വിളക്കുകൾ റോഡുപണി കഴിയും വരെ പണി മുടക്കിലാണെന്നു തോന്നി. അമ്മ ഒരു ടോർച്ചു തന്നു വിട്ടത് ഭാഗ്യമായി. എങ്ങും ഇരുൾ പരക്കാൻ തുടങ്ങി. നിറയെ അമ്പലങ്ങളും പാമ്പിൻ കാവുകളും ഉള്ള നാടാണ് എന്റേത്. യക്ഷികളെക്കുറിച്ച് പറഞ്ഞു കേട്ടിട്ടുള്ള കഥകൾ ഓർമ്മ വരാൻ തുടങ്ങി... മോനെ, മഞ്ഞുണ്ടെന്ന് തോന്നുന്നു, അത്രയും പറഞ്ഞ് അച്ചൻ കപ്പൂസെടുത്ത് തലയിലൂടെയിട്ടു. അച്ചന്റെ കറുത്ത ഉടുപ്പും വളഞ്ഞ നടപ്പും ചെറിയൊരു പേടി എന്നിലുാക്കി. ഇരുട്ട് പടരുന്ന ആ സന്ധ്യയിൽ ഒരു ടോർച്ചു ലൈറ്റിന്റെ മിടുക്കിൽ ഞാൻ അച്ചന്റെ കൂടെ നടന്നു. പെട്ടെന്നെവിടെ നിന്നോ ഒരു നേർത്ത ശബ്ദം ഞങ്ങൾ കേട്ടു . 'ആരോ കരയുന്നുല്ലോ, മോനെ', അച്ചൻ എന്നോടു പറഞ്ഞു. എനിക്ക് ഭയമായിത്തുടങ്ങി. ഈ വൈകിയ നേരത്ത് ആരാണിവിടെ. വല്ല യക്ഷികളുമായിരിക്കുമോ... അച്ചാ, ഞാനാദ്യമായിട്ടാ ഈ വഴിക്കുവരുന്നത്... മോൻ പേടിക്കണ്ടാ. നമുക്ക് നോക്കാം. കരച്ചിൽ കേട്ട ദിക്കിലേക്ക് അച്ചൻ നടന്നു. വഴിയോരത്തു തഴച്ചു നിൽക്കുന്ന കാട്ടു ചെടികൾക്കിടയിൽ ഒരു ചെറുപ്പക്കാരൻ മയങ്ങി കിടക്കുന്നു. അവനെ കണ്ടതും അച്ചന്റെ മനസ്സലിഞ്ഞു. ക്ഷീണിതനായി ബോധമില്ലാതെ കിടക്കുന്ന ആ ചെറുപ്പക്കാരനെ അലിവോടെ അച്ചൻ താങ്ങിയെടുത്തു. 'മോനെ നിനക്കെന്തു പറ്റി', അച്ചൻ ചോദിക്കുന്നുണ്ടായിരുന്നു. അച്ചന്റെ സ്പർശനമേറ്റതും അവൻ കൺ തുറന്നു. തന്റെ മുൻപിൽ നിൽക്കുന്നത് ഒരു വൈദികനാണെന്ന് അവന് മനസ്സിലായിക്കാണണം. അച്ചന്മാരെ കാൽ ഇംഗ്ലീഷ് മീഡിയം

കുട്ടികൾ പറയുന്ന പോലെ അവൻ അറിയാതെ താഴ്ന്ന സ്വരത്തിൽ പറഞ്ഞു: ഗുഡ് മോണിങ് ഫാദർ, അവൻ കൈകൾ കൂപ്പി. 'അച്ചാ, അവൻ കുടിയനാണെന്നു തോന്നുന്നു...' ഞാൻ പറഞ്ഞു... 'അല്ല. അല്ല, അവനെ ആരോ തല്ലി കൊണ്ടിട്ടതാകും. അപ്പോഴേക്കും ആരൊക്കെയോ ആ വഴിക്ക് വരുന്ന കാൽ പെരുമാറ്റം കേട്ടു. അവരും അച്ചനെ സഹായിച്ചു. അടുത്തു കണ്ട പീടികത്തിണ്ണയിൽ അവനെ ഇരുത്തി. ആരോ അൽപം വെള്ളം കൊണ്ടുവന്നു. ആ വെള്ളം അച്ചനവന്റെ വായിൽ ഒഴിച്ചു കൊടുത്തു. 'മോനെ, ഇപ്പോ നിനക്ക് സുഖായോ' സ്നേഹം തുളുമ്പുന്ന ആ വാക്കുകൾ കേട്ടപ്പോൾ അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകിയിറങ്ങി. 'അച്ചൻ പൊയ്ക്കോളൂ. ഞങ്ങൾ ഇവനെ വീട്ടിൽ കൊണ്ടാക്കിക്കൊള്ളാം', അവിടെ കൂടിയിരുന്നവർ പറഞ്ഞു. അവന്റെ ശിരസ്സിൽ കൈ വച്ച് അച്ചൻ പ്രാർത്ഥിച്ചു. അവനെ അവരുടെ കയ്യിൽ ഏൽപ്പിച്ച് ഞങ്ങൾ യാത്ര തുടർന്നു. സമയം ഒത്തിരി വൈകിയതിനാൽ സഭയിൽ ചേരാൻ കാത്തിരുന്ന ഒരു കുട്ടിയുടെ വീട്ടിൽ മാത്രം പോയി ഞങ്ങൾ മടങ്ങി.

തിരിച്ചു നടക്കും വഴിയിൽ, എന്റെ മനസ്സിൽ ഡൺസ്റ്റനച്ചൻ ഒരു സൂപ്പർ ഹീറോയായി വളരുകയായിരുന്നു... ഞാൻ പഠിച്ച ലിറ്റിൽ ഫ്ലവർ സ്കൂളിന്റെ മുറ്റത്ത്, ചുമലിൽ പ്രാവുകളുമായി, കൈവിരിച്ച് നിൽക്കുന്ന ഫ്രാൻസീസ് അസ്സീസിയെപ്പോലെ, അതേ കാപ്പിക്കളർ ഉടുപ്പിട്ട് ഡൺസ്റ്റനച്ചൻ മുന്നിൽ ഉയർന്ന് നിൽക്കുന്ന പോലെ തോന്നി. തിരക്കിട്ട വഴികളിൽ തളർന്ന് പോയവരെത്തേടി, ആരോരും ആശ്രയമില്ലാതെ തഴയപ്പെട്ടവരെത്തേടി ഇരു കൈകളും നീട്ടി ഡൺസ്റ്റനച്ചൻ ഇന്നും കടന്നു വരും. ആ പുണ്യസ്മരണക്കു മുൻപിൽ പ്രണാമം ...

**ഫാ. ഫിലിപ്സ് പനയ്ക്കൽ സി.എം.ഐ.**

